"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ല- കുന്നോത്ത് പറമ്പ ഗ്രാമപഞ്ചായത്ത്- കൊളവല്ലൂർ എൽ.പി.സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 3 c(a) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

G.O.(Rt)No.1973/2020/LSGD തീയതി,തിരുവനന്തപുരം, 20/10/2020

---

പരാമർശം:- 1 17.09.2018 ലെ സ.ഉ .(സാധാ) നം. 2437 / 18/തസ്വഭവ

2 കൊളവല്ലൂർ ഗവ: എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ

3 കണ്ണൂർ ജില്ലാ ടൗൺപ്ലാനറുടെ 21.10.2019 ലെ TCPKNR/2098/19 C നമ്പർ കത്ത്

4 ചീഫ് ടൗൺപ്ലാനറുടെ 30.11.2019 ലെ TCPCTP/2130/19-D3 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ , കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന R.Sy.No.225/2B യിൽ പെട്ട 11.82 സെന്റ് സ്ഥലത്ത് 217.52 sq.m (gf 188.96sq.m. + Stair room 28.56 sq.m) സ്കൂൾ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി ജില്ലാ ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ coverage ഒഴികെയുള്ള ചട്ട ലംഘനങ്ങൾ ഇല്ലാത്തതിനാലും പ്രദേശത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം എന്ന പൊതു ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന കെട്ടിടം ആയതിനാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 3c പ്രകാരം പരാമർശം (1) പ്രകാരം ഇളവ് അനുവദിച്ചിരുന്നു. ടി സ്കൂൾ കെട്ടിടത്തിന് 2019-20 വർഷത്തെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുമായും , തസ്തിക നിർണ്ണയവുമായും ബന്ധപ്പെട്ട് സ്കൂൾ ഹെഡ്മാസ്റ്റർ ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ നിലവിൽ 189.60 sq.m വിസ്തീർണ്ണത്തിൽ ഒന്നാം നില കൂടി നിർമ്മിച്ചിട്ടുണ്ടെന്നും ആയതിനാൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 376.67 sq.m ആയി വർധിച്ചുവെന്നും സ്ഥലവും പ്ലാനും പരിശോധന നടത്തിയതിൽ KPBR ചട്ടം 37(1) - Access width, 56(2) -Set back, 35 (2) Coverage എന്നീ ചട്ടങ്ങൾ ലംഘിക്കുന്നതായും, കവറേജിനു പരാമർശം (1) പ്രകാരം ഇളവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ പൊതു വിദ്യാലയമാണെന്നതിനാൽ പ്ലോട്ടിലേയ്ക്കുള്ള വഴിയുടെ കുറഞ്ഞ വീതി 3.6 മീ ആക്കി വർദ്ധിപ്പിക്കണമെന്ന നിബന്ധനയോടെ കെ പി ബി ആർ 2011 ചട്ടം 3C (a) പ്രകാരം ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ജില്ലാ ടൗൺ പ്ലാനർ ചീഫ് ടൗൺപ്ലാനർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

2) എൽ . പി . സ്കൂൾ ആയതിനാൽ കുട്ടികളുടെ എണ്ണം കുറവായിരിക്കുവാനും പ്രസ്തുത വഴിയിലൂടെ കടന്നു പോകുന്ന വാഹനങ്ങളുടെ എണ്ണം കുറവായിരിക്കുവാനുമാണ് സാധ്യതയെന്നതും പരിഗണിച്ച് സർക്കാർ സ്ഥാപനമെന്ന പരിഗണനയിൽ ഒരിക്കൽ കൂടി ഇളവിന് ചീഫ് ടൗൺപ്ലാനർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺപ്ലാനറുടെ പരാമർശം (4) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ , കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ R.Sy.No. 225/2B യിൽ പ്പെട്ട 11.82 സെന്റ് സ്ഥലത്ത് 217.52 sq.m (gf 188.96 sq.m. + Stair room 28.56 sq.m) വിസ്തൃതിയിൽ പണികഴിപ്പിച്ചിട്ടുള്ള കുന്നോത്ത് പറമ്പ സ്കൂൾ കെട്ടിടം എൽ.പി. സ്കൂൾ ആയതിനാൽ കുട്ടികളുടെ എണ്ണം കുറവായിരിക്കുവാനും പ്രസ്തുത വഴിയിലൂടെ കടന്നു പോകുന്ന വാഹനങ്ങളുടെ എണ്ണം കുറവായിരിക്കുമെന്നുമുള്ള സാധ്യതകൾ പരിഗണിച്ച് , പൊതു വിദ്യാലയമായതിനാൽ പ്ലോട്ടിലേയ്ക്കുള്ള വഴിയുടെ വീതി 3.6 മീ ആയി ഉയർത്തണമെന്ന നിബന്ധനയോടെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 3C (a) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJUKUMAR N
DEPUTY SECRETARY

പകർപ്പ്

ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം

ജില്ലാ ടൗൺപ്ലാനർ, കണ്ണൂർ

സെക്രട്ടറി,കുന്നോത്ത് പറമ്പ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ഹെഡ്മാസ്റ്റർ,ഗവ:എൽ.പി.സ്കൂൾ കൊളവല്ലൂർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ